# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:6281

20.11.2019-ലെ മറുപടി

## ശബരിമലയിലെ ശുദ്ധജല വിതരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ആർ. രാജേഷ്<br>,, രാജു എബ്രഹാം<br>ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.കെ.യു. ജനീഷ് കുമാർ | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | വരുന്ന മണ്ഡല-മകര വിളക്ക് കാലത്ത് പമ്പയിലും ശബരിമലയിലും ശുദ്ധജല വിതരണം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | പമ്പയിലും ശബരിമലയിലും ശുദ്ധജല വിതരണം കാര്യക്ഷമമാക്കുന്നതിനു താഴെ പറയുന്ന പ്രവൃത്തികൾ നടത്തിവരുന്നു.<br>• 13 mld ശേഷിയുള്ള പമ്പ ശുദ്ധജല വിതരണ പദ്ധതിയുടെ ത്രിവേണിയിൽ സ്ഥിതി ചെയ്യുന്ന പമ്പ് ഹൗസിൽ നിന്നും ശുദ്ധീകരിച്ച ജലം പമ്പയിലെ ഭൂതല സംഭരണിയിൽ ശേഖരിച്ച് ക്ലോറിനേഷൻ ചെയ്തു പമ്പയിലും നീലിമല ബോട്ടം പമ്പ്ഹൗസിലും എത്തിച്ച് നീലിമല ടോപ് പമ്പ്ഹൗസ് അപ്പാച്ചിമേട് പമ്പ് ഹൗസ് എന്നിവ വഴി ശരംകുത്തി സംഭരണിയിലും സന്നിധാനത്തെ ദേവസ്വം സംഭരണികളിലും ശേഖരിച്ച് സന്നിധാനത്തും ശരണ പാതയിലും വിതരണം ചെയ്യുന്നു.<br>• ശുദ്ധജലം ശേഖരിക്കുന്നതിനായി പമ്പ (കേരള വാട്ടർ അതോറിറ്റി-2.80 ലക്ഷം ലിറ്റർ. ദേവസ്വം ബോർഡ്-4 ലക്ഷം ലിറ്റർ), നീലിമല ബോട്ടം (കേരള വാട്ടർ അതോറിറ്റി-2 ലക്ഷം ലിറ്റർ), അപ്പാച്ചിമേട് (കേരള വാട്ടർ |

| ചോദ്യം | | മറുപടി | |
|---|---|---|---|
| | | | അതോറിറ്റി-2 ലക്ഷം ലിറ്റർ), ശരംകുത്തി (കേരള വാട്ടർ അതോറിറ്റി-6 ലക്ഷം ലിറ്റർ, ദേവസ്വം ബോർഡ്-40 &10 ലക്ഷം ലിറ്റർ) എന്നിവിടങ്ങളിൽ ജലസംഭരണികൾ നിലവിലുണ്ട്.<br><br>• പമ്പ, ശരണപാത-സന്നിധാനം, നിലയ്ക്കൽ എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള 447 കിയോസ്കുകളിൽ 1230 ടാപ്പുകളിലൂടെ ശുദ്ധജല വിതരണം നടത്തുന്നുണ്ട്.<br><br>• സ്വാമി അയ്യപ്പൻ റോഡിൽ ശുദ്ധജല വിതരണത്തിന് പൈപ്പുകൾ സ്ഥാപിച്ച് ചരൽ മേട് വരെയും പൊതു ടാപ്പുകളിൽ ശുദ്ധജലം എത്തിക്കുന്നു<br><br>• ഇടത്താവളങ്ങളായ നിലക്കൽ, പ്ലാപ്പള്ളി, ളാഹ, നാറാണംതോട്, ചാലക്കയം എന്നിവിടങ്ങളിലേക്കും പോലീസ് ക്യാമ്പുകളിലേക്കും ടാങ്കർ ലോറികൾ വഴി ശുദ്ധജലം എത്തിച്ചു വരുന്നു.<br><br>• പ്രധാന ഇടത്താവളങ്ങളായ എരുമേലിയിലെ ഏറ്റുമാനൂർ ശിവക്ഷേത്രത്തിലും കോട്ടയം തിരുനക്കര ശിവക്ഷേത്രത്തിലും തീർത്ഥാടകർക്ക് കുടിവെള്ളമെത്തിക്കുന്നതിനുള്ള എല്ലാ നടപടികളും കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചിട്ടുണ്ട്.<br><br>• നിലയ്ക്കലിൽ ആവശ്യാനുസരണം പമ്പയിൽ നിന്നും സീതത്തോടിൽ നിന്നും ടാങ്കർ ലോറിയിൽ കുടിവെള്ളം എത്തിക്കുന്നുണ്ട്. ഇതിനായി കേരള വാട്ടർ അതോറിറ്റിയുടെയും |

| | ചോദ്യം | | മറുപടി |
|---|---|---|---|
| | | | ദേവസ്വം ബോർഡിന്റെയും ജല സംഭരണികളിൽ ആകെ 65.75 ലക്ഷം ലിറ്റർ സംഭരണ ശേഷി നിലക്കൽ ഭാഗത്തുണ്ട്.<br>• ജല ശുദ്ധീകരണത്തിനായി പമ്പയിൽ പ്രഷർ ഫിൽറ്റർ സംവിധാനവും ഇലക്ട്രോ ക്ലോറിനേഷൻ സംവിധാനവും ഒരുക്കിയിട്ടുണ്ട്.<br>• ടാറ്റ project വഴി R .O Plant സ്ഥാപിച്ചു .<br>• സെൻസർ ടാപ്പോടുകൂടിയ 10 കിയോസ്ക്കുകൾ പുതുതായി സ്ഥാപിച്ചു.<br>• തീർത്ഥാടന കാലത്ത് വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി ആവശ്യാനുസരണം ഗുണനിലവാര പരിശോധന നടത്തി വേണ്ട നടപടികൾ സ്വീകരിക്കുവാൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ തലം മുതൽ അസിസ്റ്റന്റ് എഞ്ചിനീയർ തലം വരെയുള്ള ഉദ്യോഗസ്ഥരെ കേരള വാട്ടർ അതോറിറ്റി പ്രത്യേകമായി നിയോഗിച്ചിട്ടുണ്ട്<br>• ശുദ്ധജല വിതരണം കാര്യക്ഷമമാക്കുന്നതിനായി വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള ഉപകരണ സംവിധാനങ്ങളുടെയെല്ലാം അറ്റകുറ്റ പണികൾ നടത്തിയിട്ടുണ്ട്. |
| (ബി) | പ്രളയത്തെത്തുടർന്ന് താറുമാറായ ശുദ്ധജല വിതരണ സംവിധാനങ്ങൾ സത്വരമായി പുനഃസ്ഥാപിക്കുന്നതിന് എന്തെല്ലാം നൂതന സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ; | (ബി) | പ്രളയത്തെത്തുടർന്ന് ശബരിമല ശുദ്ധജല വിതരണ പദ്ധതിയുടെ ത്രിവേണി ഇൻടേക്ക് പവർ ഹൗസിൽ അടിഞ്ഞു കൂടിയ മണൽ നീക്കം ചെയ്ത് പമ്പിംഗ് പുനരാരംഭിച്ചു. കൂടാതെ ഒഴുകി പോയ പൈപ്പ് ലൈനുകൾ കഴിഞ്ഞ സീസണിനു മുമ്പു തന്നെ പുന:സ്ഥാപിക്കുകയും ചെയ്തിരുന്നു. |

| ചോദ്യം | | മറുപടി | |
|---|---|---|---|
| (സി) | ശബരിമലയിൽ റിവേഴ്സ് ഓസ്മോസിസ് പ്ലാന്റുകൾ സ്ഥാപിച്ച് വെള്ളം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | ഉണ്ട് ; പമ്പയിൽ 5-ഉം ശരണപാത -സന്നിധാനത്ത് 7-ഉം നിലയ്ക്കൽ 27-ഉം R.O പ്ലാന്റുകൾ സ്ഥാപിച്ച് ശുദ്ധജലം വിതരണം ചെയ്തു വരുന്നു. |
| (ഡി) | തീർത്ഥാടകർക്കായി കാനന പാതകളിൽ വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നതുൾപ്പെടെ എന്തെല്ലാം മാർഗ്ഗങ്ങളാണ് കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | (ഡി) | കാനന പാതയുടെ ഭാഗമായ പമ്പ മണപ്പുറം മുതൽ ചെറിയനാവട്ടം വരെ സ്ഥിരമായും ചെറിയനാവട്ടം മുതൽ വലിയിനവട്ടം വരെ മണ്ഡല മകര വിളക്ക് സീസണിൽ മാത്രമായി താൽകാലിക പൈപ്പ് ലൈനുകളും സ്ഥാപിച്ചിട്ടുണ്ട് . ഇതു കൂടാതെ കാളകെട്ടി സ്കീമിൽ നിന്നും മുക്കമ്പെട്ടി-കോരുത്തോട് റോഡിൽ 11 പൊതു ടാപ്പുകളും ഉമരപ്പാറ സ്കീമിൽ നിന്നും ഇരുമ്പുന്നിക്കര-കോയിൽക്കാവ് റോഡിൽ അഞ്ചിടങ്ങളിലും പൊതു ടാപ്പുകൾ സ്ഥാപിച്ച് ആവശ്യാനുസരണം ശുദ്ധജലം വിതരണം ചെയ്തു വരുന്നു . |

സെക്ഷൻ ഓഫീസർ